# ഗ്രാമ ന്യായാലയ ഇരിട്ടി, പായം

സാന്നിദ്ധ്യം: *Sri.Mohamed Mausoom. P. T. , BA LL.B (H)*
ന്യായാധികാരി
തീയ്യതി: **2026 മെയ് 8 / 1948 വൈശാഖം 18**

## M.C. No.30/2021

ഹർജിക്കാരി : ഷീല കാപ്പാടൻ
W/o.ബാബു, വയസ്സ് 45,
കരിയിൽ പുത്തൻ വീട്, കയനി
കയനി പി.ഒ, കണ്ണൂർ ജില്ല

(മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധി )

***[ഹർജിക്കാരിക്കു വേണ്ടി അഡ്വ.രേഖ]***

എതൃകക്ഷി : ബാബു
S/o. തങ്കപ്പൻ, വയസ്സ് 52
സിജിൻ വിഹാർ
കരിയിൽ പുത്തൻ വീട്, കയനി
കയനി പി.ഒ, കണ്ണൂർ ജില്ല

(മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധി)

## ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നുമുള്ള സ്ത്രീ സംരക്ഷണ നിയമം, 2005ലെ *(ഇനി മുതൽ '**2005ലെ നിയമം**')* 12ാം, വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ് മേൽ അപേക്ഷ.

**2.** <u>അപേക്ഷയിലെ ഉള്ളടക്കത്തിന്റെ സംക്ഷിപ്ത രൂപം</u> :-

30.05.1993 തീയ്യതി വിവാഹിതരായ ഹർജിക്കാരിക്കും എതൃകക്ഷിക്കും, രണ്ട് മക്കൾ ജനിച്ചിട്ടുള്ളതാണ്. എതൃകക്ഷിക്ക് ലോട്ടറി വില്പനയാണ്. ഹർജിക്കാരിയുടെ അമ്മ നൽകിയ 12(പന്ത്രണ്ട്) സെൻറ് സ്ഥലത്തുള്ള മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ MM- XIX- 229A നമ്പർ വീട്ടിലാണ് ഹർജിക്കാരി ഇപ്പോൾ തന്റെ മകനും, അച്ഛനും, അമ്മയോടൊപ്പം താമസിച്ചു വരുന്നത്. പ്രസ്തുത വീടും പറമ്പും

എതൃകക്ഷിയുടെ പേരിലേക്ക് മാറ്റിക്കൊടുക്കണമെന്ന് പറഞ്ഞു നിരന്തരം മർദ്ദിക്കുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തു വരികയാണ്. മുമ്പ് എതൃകക്ഷി ലക്ഷങ്ങളോളം രൂപ കടം വന്നതിനെ തുടർന്ന് നാട്ടിൽ നിന്നും മാറി നിൽക്കുകയും, തുടർന്ന് ഹർജിക്കാരിയും കുടുംബവും ഈ കടങ്ങളെല്ലാം തീർക്കുകയും, അതറിഞ്ഞ എതൃകക്ഷി തിരിച്ച് വീട്ടിലേക്ക് വരികയും ഓരോ കാര്യങ്ങൾ പറഞ്ഞു വീട്ടിൽ കുഴപ്പങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കുകയുമാണ്. ഒരുമാസം മുമ്പ് ഹർജിക്കാരിയുടെ അച്ഛനേയും അമ്മയേയും എതൃകക്ഷി വീട്ടിൽ നിന്നും പുറത്താക്കിയിരുന്നു. അവർ ഇപ്പോൾ അനുജത്തിയുടെ വീട്ടിലാണ് താമസിച്ചുവരുന്നത്. കൂടാതെ എതൃകക്ഷി ഹർജിക്കാരി ജോലി ചെയ്യുന്ന സ്ഥലത്തൊക്കെ പോയി അപമാനിക്കുകയും മാനസീകമായി പീഡിപ്പിക്കുകയും ചെയ്തു വരികയാണ്.

**3**. 20.08.2018 തീയ്യതി രാത്രി 11 മണിയോടുകൂടി എതൃകക്ഷി വീടും പറമ്പും തന്റെ പേരിൽ മാറ്റി നല്കാൻ ആവശ്യപ്പെട്ട് ഹർജിക്കാരിയേയും മകനേയും ക്രൂരമായി മർദ്ദിക്കുകയും കേൾക്കാൻ കൊള്ളാത്ത ഭാഷയിൽ ചീത്ത പറയുകയും വീട്ടിൽ നിന്ന് ഇറക്കിവിടുകയും ചെയ്തതിനെ തുടർന്ന് രാത്രി നാട്ടുകാരുടെ സഹായത്തോടെ അടുത്ത പ്രദേശത്ത് താമസിക്കുന്ന അനുജത്തിയുടെ വീട്ടിലാണ് അഭയം തേടിയത്. എതൃകക്ഷിയുടെ ഭീഷണിയും അക്രമവും മൂലം ഹർജിക്കാരിക്കും മകനും വീട്ടിൽ സമാധാനത്തോടെ ജീവിക്കാൻ പറ്റാത്ത അവസ്ഥയാണ്. പണം മുഴുവൻ ധൂർത്തടിച്ച് തീർക്കുന്ന എതൃകക്ഷി, ഹർജിക്കാരിയുടെ വീടും പറമ്പും വില്പന നടത്തി വീണ്ടും ധൂർത്തടിക്കാനാണ് ഇപ്രകാരം ഹർജിക്കാരിയേയും മകനേയും വീട്ടിൽ നിന്ന് അടിച്ച് ഇറക്കി വിട്ടിരിക്കുന്നത്. മേൽ വീട്ടിൽ എതൃകക്ഷി ഹർജിക്കാരിയെ പ്രവേശിപ്പിക്കുവാൻ അനുവദിക്കുന്നില്ല. മുമ്പ് ഗാർഹിക പീഡന നിരോധന നിയമം പ്രകാരം ബോധിപ്പിച്ച അപേക്ഷ എതൃകക്ഷിയുടെ ഭീഷണിയും സമ്മർദ്ദവും മൂലം പിൻവലിക്കുകയായിരുന്നു. ഹർജിക്കാരിയുടെ ഉടമസ്ഥതയിലും കൈവശത്തിലും ഉള്ള വസ്തു വിൽപ്പന ചെയ്യാൻ എതൃകക്ഷി ശ്രമം നടത്തി വരികയാണ്. ആയതിനാൽ എതൃകക്ഷി ശാരീരികവും മാനസികവുമായി പീഡിപ്പിക്കുന്നത് തടഞ്ഞുകൊണ്ട് ഒരു ഉത്തരവിനും,

എതൃകക്ഷിയുടെ ആസ്തികൾ അന്യാധീനപ്പെടുത്തുന്നതും കടപ്പെടുത്തുന്നതും തടഞ്ഞുകൊണ്ട് ഒരു ഉത്തരവിനും, നഷ്ടപരിഹാരമായി Rs.3,00,000/- (മൂന്ന് ലക്ഷം രൂപ) നൽകാൻ കൽപ്പിച്ചുകൊണ്ട് ഒരു ഉത്തരവിനും, മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ MM-XIX-229A നമ്പർ വീട്ടിൽ നിന്നും എതൃകക്ഷി ഇറക്കി വിടുന്നത് തടഞ്ഞുകൊണ്ടും, എതൃകക്ഷി അവിടെ കയറുന്നത് ശാശ്വതമായി തടഞ്ഞുകൊണ്ടും, ഹർജിക്കാരിയെ അവിടെ പ്രവേശിക്കാൻ അനുവദിച്ചുകൊണ്ട് ഒരു ഉത്തരവിനും വേണ്ടിയാണ് അപേക്ഷ.

4. അപേക്ഷ ഫയലിൽ സ്വീകരിച്ച് എതൃകക്ഷിക്കു നോട്ടീസ് അയച്ചു. തുടർന്ന് എതൃകക്ഷി 24.10.2024 തീയ്യതി കോടതി മുമ്പാകെ ഹാജരായി മറുപടി ആക്ഷേപം ബോധിപ്പിച്ചു.

5. <u>പ്രസ്തുത മറുപടി ആക്ഷേപത്തിലെ പ്രസക്തമായ വസ്തുതകളുടെ സംക്ഷിപ്ത രൂപം</u>:-

ഇരുകക്ഷികളും തമ്മിലുള്ള വിവാഹവും, ആയതിൽ രണ്ട് കുട്ടികൾ ജനിച്ചിട്ടുള്ളതാണ് എന്നുള്ള പ്രസ്താവനയും എതൃകക്ഷി സമ്മതിക്കുന്നു. (അപേക്ഷയിലെ മറ്റു പ്രസ്താവനകൾ എതൃകക്ഷി പ്രത്യേകം നിഷേധിച്ചു) വിവാഹശേഷം എതൃകക്ഷി ഹർജിക്കാരിയുടെ പേരിൽ മട്ടന്നൂർ മുൻസിപ്പാലിറ്റിയിലുള്ള വസ്തുവിൽ സ്വന്തം ചെലവിൽ വീട് വെച്ച് കുടുംബമായി താമസിച്ചു വരികയായിരുന്നു. അങ്ങനെയിരിക്കെ സുമാർ അഞ്ചു വർഷം മുൻപ് ഹർജിക്കാരി ഉത്സവ സ്ഥലങ്ങളിൽ സാധനങ്ങൾ വിൽക്കുന്ന ജോലിക്ക് ചേരുകയും അതോടെ അവരുടെ സ്വഭാവത്തിൽ കാര്യമായി മാറ്റം വരുകയും, തുടർന്ന് മതിയായി സ്നേഹിക്കാനോ പരിഗണിക്കാനോ കൂട്ടാക്കാതെ എതൃകക്ഷിയെ വീട്ടിൽ നിന്ന് ഇറക്കി വിടുകയായിരുന്നു. എതൃകക്ഷി ഹരജിക്കാരിയേയോ മകനെയോ ശാരീരികമായോ മാനസികമായോ പീഡിപ്പിക്കുകയോ അവരെ വീട്ടിൽ നിന്നും ഇറക്കിവിടുകയോ ഇറക്കിവിടാൻ ശ്രമിച്ചു വരുകയോ ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ അപേക്ഷയിൽ ആവശ്യപ്പെട്ട പരിഹാരങ്ങൾക്ക് ഹരജിക്കാരിക്ക് യാതൊരു അവകാശവുമില്ല. ഹർജിക്കാരി ആരോഗ്യവതിയും ഉത്സവ ചന്തകളിൽ ജോലിചെയ്ത് മാസം Rs.15,000/- (പതിനഞ്ചായിരം രൂപ) വരുമാനമുള്ള ആളുമാണ്.

എതൃകക്ഷിക്ക് സ്വന്തമായി സ്വത്തോ സ്ഥിരമായ തൊഴിലോ വരുമാനമോ ഇല്ല. നിരന്തരമായ നടുവേദനയും ആസ്മയും കാരണം എതൃകക്ഷി യാതൊരു ജോലിയും ചെയ്യുന്നില്ല. ഹർജിക്കാരി ബഹു: തലശ്ശേരി കുടുംബകോടതിയിൽ എതൃകക്ഷിയിൽ നിന്നും വിവാഹമോചനം ആവശ്യപ്പെട്ട് ***OP 14/2022*** ആയി ഹർജി കൊടുത്തതും, വിവാഹബന്ധം വേർപ്പെടുത്തിക്കൊണ്ട് ഉത്തരവായതുമാണ്. ആയതിനാൽ മേൽ അപേക്ഷ തള്ളിക്കൊണ്ട് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**6**. M.C. 30/2021 അപേക്ഷയോടൊപ്പം Crl.M.P 934/2021 ആയി ബോധിപ്പിച്ച ഇടക്കാല അപേക്ഷയിൽ 27.08.2021 തീയ്യതി ഒരു ഇടക്കാല സംരക്ഷണ ഉത്തരവ് നൽകികൊണ്ട് ഉത്തരവായിട്ടുള്ളതാണ്. മേൽ അപേക്ഷ, 28.10.2025 തീയ്യതിയിലെ ബഹുമാനപ്പെട്ട തലശ്ശേരി ജില്ലാ ജഡ്ജിന്റെ ഉത്തരവു പ്രകാരം ബഹു:ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് മട്ടന്നൂർ, ഈ ഗ്രാമ ന്യായാലയത്തിലേക്ക് *Transfer* ചെയ്തിട്ടുള്ളതും, 06.12.2025 തീയ്യതി ഈ ഗ്രാമ ന്യായാലയ **M.C. 30/2021** ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതാണ്. തുടർന്ന് മേൽ കേസ് *Transfer* ആയതിനു ശേഷം, എതൃകക്ഷി ഹാജരാകാത്തതിനെ തുടർന്ന് ഈ ന്യായാലയയിൽ പുതിയ നോട്ടീസ് അയച്ചിട്ടുള്ളതും, എന്നാൽ നോട്ടീസ് കൈപ്പറ്റിയിട്ടും എതൃകക്ഷി കോടതിയിൽ ഹാജരാവുകയോ അഭിഭാഷകൻ മുഖാന്തരം പ്രതിനിധീകരിക്കുകയോ ചെയ്യാത്തത് മൂലം മേൽ അപേക്ഷ എതൃകക്ഷിയുടെ അഭാവത്തിൽ 10.02.2026 തീയ്യതി ***'ex parte'*** ആയി കേൾക്കാൻ ഈ കോടതി ഉത്തരവിട്ടിട്ടുള്ളതുമാണ്.

**7.** തുടർന്ന് കേസ് തെളിയിക്കുന്നതിനായി ഹർജി ഭാഗം തെളിവിലേക്കായി ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു. ഹർജി ഭാഗം തെളിവിലേക്കായി Ext.P1, Ext.P2 വരെയുള്ള രേഖകൾ ഹാജരാക്കി.

**8.** ഹർജി ഭാഗം അഭിഭാഷകയുടെ വാദം കേട്ടു. തെളിവ് സത്യവാങ്മൂലരേഖയും മറ്റു അനുബന്ധ രേഖകളും പരിശോധിച്ചു.

**9.** <u>കേസിന്റെ അന്തിമ നിർണ്ണയത്തിനായി താഴെ പറയുന്ന</u>

<u>സംഗതികൾ പരിഗണിച്ചു</u> :-

*(i)* ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും അപേക്ഷയിൽ പ്രസ്താവിച്ച പ്രകാരം, 2005ലെ 3ാം വകുപ്പ് നിർവചിക്കുന്ന വിധത്തിലുള്ള 'ഗാർഹിക പീഡനം' അതിജീവിക്കേണ്ടി വന്നിട്ടുണ്ടോ? ഉണ്ടെന്ന് തെളിയുന്ന പക്ഷം, എതൃകക്ഷിക്കെതിരെ 2005ലെ നിയമത്തിലെ 18ാം വകുപ്പ് പ്രകാരം ഹർജിക്കാരുടെ സംരക്ഷണത്തിന് ഏതെങ്കിലും വിധേനയുള്ള ഒരു സംരക്ഷണ ഉത്തരവു പുറപ്പെടുവിക്കേണ്ടതുണ്ടോ?

*(ii)* അപേക്ഷിച്ച പ്രകാരം ഹർജിക്കാരി താമസിക്കുന്ന മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ MM-XIX-229A നമ്പർ വീട്ടിൽ നിന്നും ഹർജിക്കാരിയെ എതൃകക്ഷി ഇറക്കി വിടുന്നത് തടഞ്ഞും, മേൽ പറഞ്ഞ വീട്ടിൽ ഹർജിക്കാരിയെ പ്രവേശിക്കാൻ അനുവദിച്ചും, മേൽ പറഞ്ഞ വീട്ടിൽ എതൃകക്ഷി കയറുന്നത് ശാശ്വതമായി തടഞ്ഞുകൊണ്ടും ഒരു പാർപ്പിട ഉത്തരവു ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?

*(iii)* അപേക്ഷിച്ച പ്രകാരം 2005ലെ നിയമത്തിലെ 22ാം വകുപ്പ് പ്രകാരം ഹർജിക്കാരെ ശാരീരികവും മാനസീകവുമായി പീഡിപ്പിച്ച വകയിൽ നഷ്ടപരിഹാരമായി Rs.3,00,000/-(മൂന്ന് ലക്ഷം) രൂപ നൽകാൻ കൽപ്പിച്ചുകൊണ്ട് ഒരു ഉത്തരവു ലഭിക്കാൻ അർഹതയുണ്ടോ?

*(iv)* അപേക്ഷിച്ച പ്രകാരം എതൃകക്ഷിയുടെ ആസ്തികൾ അന്യാധീനപ്പെടുത്തുന്നതും കടപ്പെടുത്തുന്നതും തടഞ്ഞുകൊണ്ട് ഒരു ഉത്തരവു ലഭിക്കാൻ അർഹതയുണ്ടോ?

*(v)* എന്ത് ഉത്തരവുകളാണ് പുറപ്പെടുവിക്കേണ്ടത് ?

**10. <u>പോയിന്റ് (i) & (ii)</u> :-**

ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നുവെന്നും, ആകയാൽ എതൃകക്ഷി ഹർജിക്കാരിയെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നത് തടഞ്ഞുകൊണ്ട് ഒരു സംരക്ഷണ ഉത്തരവ് ലഭിക്കണം എന്നുമാണ് അപേക്ഷയിലെ പ്രധാന നിവൃത്തി. ഹർജിഭാഗം വസ്തുതകൾ തെളിയിക്കുന്നതിലേക്കായി ഹർജിക്കാരി PW1 ആയി കോടതി മുമ്പാകെ സത്യവാങ്മൂല രേഖ മുഖാന്തരം തെളിവ് നൽകി. എതൃകക്ഷിയുടെ അഭാവത്തിൽ മേൽ അപേക്ഷ *'ex parte'* ആയി പരിഗണിച്ചതിനാൽ തന്നെ PW1നെ എതിർവിസ്തരിച്ചിട്ടില്ല.

11. അപേക്ഷയിൽ ബോധിപ്പിച്ച പ്രകാരം ഹർജിക്കാരിയും എതൃകക്ഷിയും വിവാഹിതരായിരുന്നുവെന്നും, മേൽ വിവാഹത്തിൽ ഇരുകക്ഷികൾക്കും രണ്ട് കുട്ടികൾ ജനിച്ചിട്ടുള്ളതും ആണെന്ന വസ്തുത തർക്കത്തിലില്ല. PW1 സത്യവാങ്മൂലരേഖ മുഖാന്തരം നൽകിയ തെളിവിൽ നിന്നും 2005ലെ നിയമത്തിലെ 2(f) വകുപ്പ് പ്രകാരമുള്ള ഒരു 'ഗാർഹിക ബന്ധുത്വം' ഹർജിക്കാരിയും എതൃകക്ഷിയും തമ്മിൽ നിലനിന്നിരുന്നുവെന്നും, അതേ നിയമത്തിലെ 2(s) വകുപ്പ് പ്രകാരം ഒരു 'shared household'ന് *(മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ MM- XIX- 229A നമ്പർ വീട്)* കീഴിൽ ഒരുമിച്ച് താമസിച്ചിരുന്നുവെന്നും ഈ കോടതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. മേൽ വ്യവഹാരത്തിലെ തെളിവുകൾ പരിശോധിച്ചതിൽ, ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും 2005ലെ നിയമത്തിലെ 3ാം വകുപ്പ് നിർവചിച്ച പ്രകാരമുള്ള ഗാർഹികപീഡനം അതിജീവിക്കേണ്ടി വന്നുവെന്നാണ് കോടതിയുടെ അഭിപ്രായം. മറിച്ച് PW1ന്റെ തെളിവിനെ നിരാകരിക്കുന്നതോ സംശയത്തിലാക്കുന്നതോ ആയ മറ്റു തെളിവുകൾ ഒന്നും തന്നെ ഈ കോടതിയുടെ മുമ്പാകെ ലഭ്യമല്ല. PW1ന്റെ തെളിവ് കോടതിയുടെ വിശ്വാസം ഉണർത്തും വിധമാണ്. ആയതിനാൽ, ഹർജിക്കാരി എതൃകക്ഷിയിൽ നിന്നും ഗാർഹിക പീഡനത്തിന് വിധേയയായിട്ടുണ്ടെന്ന് ഈ കോടതി കണ്ടെത്തുന്നു. എതൃകക്ഷിയുടെ ഭാഗത്ത് നിന്നും ഏതെങ്കിലും വിധത്തിലുള്ള ഗാർഹിക പീഡനം തുടർന്നും ഉണ്ടാകാനുള്ള സാധ്യത പരിഗണിച്ച് 2005ലെ നിയമത്തിലെ 18ാം വകുപ്പ് പ്രകാരമുള്ള ഒരു സംരക്ഷണ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് അത്യന്താപേക്ഷമാണ്. ആയതിനാൽ, എതൃകക്ഷി പീഢിപ്പിക്കുന്നത് തടഞ്ഞ് കൊണ്ടുള്ള 2005ലെ നിയമത്തിലെ വകുപ്പ് 18 പ്രകാരമുള്ള ഒരു സംരക്ഷണ ഉത്തരവിന് ഹർജിക്കാരിക്ക് അർഹതയുണ്ടെന്ന് ഈ കോടതി കണ്ടെത്തുന്നു.

12. ഹർജിക്കാരിയുടെ ഉടമസ്ഥയിലുള്ള വസ്തുവിലാണ് മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ MM-XIX-229A നമ്പർ വീട് സ്ഥിതി ചെയ്യുന്നത്. ആയതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഇരുകക്ഷികളും തമ്മിൽ തർക്കം ഇല്ല. എതൃകക്ഷി ബോധിപ്പിച്ച മറുപടി ആക്ഷേപത്തിൽ നിന്നും ഈ കാര്യം വ്യക്തവും ആണ്. പ്രസ്തുത വീട്ടിൽ വെച്ചാണ് ഹർജിക്കാരിക്ക് ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നത് എന്ന് PW1ന്റെ തെളിവിൽ നിന്നും സ്ഥാപിക്കപ്പെട്ടതാണ്. ആയതിനാൽ,

എതൃകക്ഷിയുടെ ഭാവിയിലെ ഏതെങ്കിലും ഗാർഹിക പീഡന കൃത്യങ്ങൾ തടയുന്നതിന് ആവശ്യപ്പെട്ട പ്രകാരം ഒരു പാർപ്പിട ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് മേൽ കേസിലെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഉചിതവും ന്യായവും എന്നാണ് കോടതിയുടെ അഭിപ്രായം. മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ MM-XIX-229A നമ്പർ വീട്ടിൽ നിന്നും ഹർജിക്കാരിയെ എതൃകക്ഷി ഇറക്കി വിടുന്നത് തടഞ്ഞുകൊണ്ടും, മേൽ പറഞ്ഞ വീട്ടിൽ ഹർജിക്കാരിയെ പ്രവേശിക്കാൻ അനുവദിച്ചുകൊണ്ടും, മേൽ പറഞ്ഞ വീട്ടിൽ എതൃകക്ഷി കയറുന്നത് ശാശ്വതമായി തടഞ്ഞുകൊണ്ടും ഒരു പാർപ്പിട ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടെന്ന് കണ്ടെത്തുന്നു. ഇപ്രകാരം പോയിന്റ്(i), (ii) എന്നിവ ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തുന്നു.

13. <u>പോയിന്റ്(iii)</u>:-

2005ലെ നിയമത്തിലെ 22ാം വകുപ്പ് പ്രകാരം ഹർജിക്കാരെ ശാരീരികവും മാനസീകവുമായി പീഡിപ്പിച്ച വകയിൽ നഷ്ടപരിഹാരമായി Rs.3,00,000/- (മൂന്ന് ലക്ഷം) രൂപ നൽകാൻ എതൃകക്ഷിയോടു കൽപ്പിച്ചുകൊണ്ട് ഒരു ഉത്തരവു ലഭിക്കണം എന്നാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. പോയിന്റ്(i)ലെ കണ്ടെത്തൽ പ്രകാരം ഹർജിക്കാരി ഗാർഹിക പീഡനത്തിന് വിധേയമായെന്ന് ഈ കോടതി കണ്ടെത്തിയതിനാൽ തന്നെ നഷ്ടപരിഹാരം ലഭിക്കാൻ 2005ലെ നിയമത്തിലെ വകുപ്പ് 22 പ്രകാരം ഹർജിക്കാരിക്ക് അർഹതയുണ്ടെങ്കിലും അപേക്ഷിച്ച നഷ്ടപരിഹാരം വളരെ അമിതമാണ്. ഹർജിഭാഗത്തിന്റെ വാദങ്ങൾ പ്രകാരം തന്നെ എതൃകക്ഷി ഒരു ലോട്ടറി വില്പനക്കാരൻ ആണ്. ആയതിനാൽ പ്രസ്തുത അപേക്ഷയിലെ വസ്തുതകളും, വിവാഹകാലയളവും, അപേക്ഷയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്ന എതൃകക്ഷിയുടെ സാമ്പത്തിക പശ്ചാത്തലവും, ഗാർഹിക പീഡനത്തിന്റെ തോതും മറ്റും സാഹചര്യങ്ങളും പരിഗണിച്ച് നഷ്ടപരിഹാരമായി ഹർജിക്കാരിക്ക് Rs.1,00,000/- (ഒരു ലക്ഷം രൂപ) നിശ്ചയിക്കുന്നു. ആയത് എതൃകക്ഷിയോട് നൽകുവാൻ കല്പിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പോയിന്റ്(iii) ഹർജിക്കാരിക്കു ഭാഗികമായി അനുകൂലമായി കണ്ടെത്തുന്നു.

14. <u>പോയിന്റ്(iv)</u>:-

എതൃകക്ഷിയുടെ ആസ്തികൾ അന്യാധീനപ്പെടുത്തുന്നതും കടപ്പെടുത്തുന്നതും തടഞ്ഞുകൊണ്ട് ഒരു ഉത്തരവ് ലഭിക്കണം എന്നാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. ഹർജിക്കാരിയുടെ സംരക്ഷണം ഉറപ്പ് വരുത്താനായി 18ാം വകുപ്പ് പ്രകാരം ഒരു സംരക്ഷണ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതും, ആയതിനു പുറമെ ഹർജിക്കാരിയുടെ ഉടമസ്ഥതയിലുള്ള വീടിൻമേൽ ആവശ്യപ്പെട്ട പ്രകാരമുള്ള പാർപ്പിട ഉത്തരവുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിനാൽ എതൃകക്ഷിയുടെ പേരിലുള്ള എല്ലാ ആസ്തികളും അന്യാധീനപ്പെടുത്തുന്നതും കടപ്പെടുത്തുന്നതും തടഞ്ഞുകൊണ്ട് ഒരു ഉത്തരവു പുറപ്പെടുവിക്കുന്നത് മേൽ കേസിലെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ ഉചിതവും ന്യായവും ആയിരിക്കില്ല. എതൃകക്ഷിയുടെ അഭാവത്തിലും, PW1ന്റെ വെല്ലുവിളിക്കപ്പെടാത്ത തെളിവിന്മേലും ആണ് മേൽ അപേക്ഷ പരിഗണിക്കുന്നതെങ്കിൽ കൂടി, ആവശ്യപ്പെട്ട പ്രകാരമുള്ള നിവൃത്തികൾ അനുവദിക്കുമ്പോൾ ആയത് എതൃകക്ഷിയുടെ മേൽ അനാവശ്യ ബാധ്യത സൃഷ്ടിക്കും വിധം ആകരുത് എന്നാണ് കോടതിയുടെ അഭിപ്രായം. മാത്രവുമല്ല, 2005ലെ നിയമത്തിന്റെ പ്രധാന ലക്ഷ്യം സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുക എന്നതാണ്. ആയതിനാൽ ആവശ്യപ്പെട്ട പ്രകാരം എതൃകക്ഷിയുടെ ആസ്തികൾ അന്യാധീനപ്പെടുത്തുന്നതും കടപ്പെടുത്തുന്നതും തടഞ്ഞുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയില്ലെന്ന് ഈ കോടതി കണ്ടെത്തുന്നു. ഇപ്രകാരം പോയിന്റ്(iv) ഹർജിക്കാരിക്ക് എതിരായി കണ്ടെത്തുന്നു.

15. <u>പോയിന്റ്(v)</u>:-

(i) മുതൽ (iv) വരെയുള്ള പോയിന്റുകളിൽ ഈ കോടതി എത്തിചേർന്ന കണ്ടെത്തലുകളുടെയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ മേൽ അപേക്ഷ താഴെ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് കൽപനയായിരിക്കുന്നു :-

A. ഹർജിക്കാരിക്കെതിരെ ശാരീരിക ദുരുപയോഗത്തിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും ഗാർഹിക പീഡന കൃത്യമോ പ്രവർത്തികളോ ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ പൂർണമായും വിലക്കി ഉത്തരവാകുന്നു. ഈ സംരംക്ഷണ ഉത്തരവ് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ **18ാം വകുപ്പ്** പ്രകാരം ഉത്തരവാകുന്നു.ഈ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട എല്ലാ സഹായവും, ഹർജിക്കാരി ആവശ്യപ്പെടുന്നപക്ഷം അവർക്ക് നൽകുവാൻ മട്ടന്നൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറോട് കല്പിച്ച് ഉത്തരവാകുന്നു.

B. മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ MM-XIX-229A നമ്പർ വീട്ടിൽ ഹർജിക്കാരിയെ പ്രവേശിക്കാൻ അനുവദിച്ചുകൊണ്ടും, മേൽ പറഞ്ഞ വീട്ടിൽ നിന്നും ഹർജിക്കാരിയെ എതൃകക്ഷി ഇറക്കി വിടുന്നത് തടഞ്ഞുകൊണ്ടും, മേൽ പറഞ്ഞ വീട്ടിൽ എതൃകക്ഷി തുടർന്ന് കയറുന്നത് ശാശ്വതമായി തടഞ്ഞും ഇതിനാൽ ഉത്തരവാകുന്നു. ഈ പാർപ്പിട ഉത്തരവ് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ 19(1) വകുപ്പ് പ്രകാരം ഉത്തരവാകുന്നു.

C. ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ വകുപ്പ് 22 പ്രകാരം നഷ്ടപരിഹാരമായി ഹർജിക്കാരിക്ക് **Rs.1,00,000/- ( ഒരു ലക്ഷം രൂപ)** നൽകുവാൻ എതൃകക്ഷിയോട് കല്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

D. ഇരുകക്ഷികൾക്കും ഈ ഉത്തരവിന്റെ ഒരു ശരി പകർപ്പ് വീതം സൗജന്യമായി നൽകേണ്ടതാണ്.

E. ഈ ഉത്തരവിന്റെ ഒരു ശരി പകർപ്പ് വീതം മട്ടന്നൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, കണ്ണൂർ ജില്ല വനിത പ്രൊട്ടക്ഷൻ ഓഫീസർക്കും അയക്കേണ്ടതാണ്.

(ഇപ്രകാരം, 2026-മാണ്ട് മെയ് മാസം 8ാം തീയ്യതി കോടതിയിൽ ഈ വിധി പ്രസ്ഥാവിച്ചിരിക്കുന്നു.)

ന്യായാധികാരി

ഗ്രാമ ന്യായാലയ, ഇരിട്ടി, പായം

<u>പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ</u> :-

| | |
|---|---|
| PW1 | ഷീല കാപ്പാടൻ |

<u>പ്രോസിക്യൂഷൻ ഭാഗം അടയാളപ്പെടുത്തിയ രേഖകൾ</u>: -

| | |
|---|---|
| P1 | Copy of Deed No.2423/94 (Photocopy ) PW1 മുഖാന്തരം തെളിവിൽ രേഖപ്പെടുത്തി. |
| P2 | Property Tax Receipt (Original) PW1 മുഖാന്തരം തെളിവിൽ രേഖപ്പെടുത്തി |

<u>പ്രോസിക്യൂഷൻ ഭാഗം മുദ്ര ചെയ്യേണ്ട തൊണ്ടി സാധനങ്ങൾ</u>:- ഇല്ല

<u>പ്രതിഭാഗം സാക്ഷികൾ</u>:- ഇല്ല

<u>പ്രതിഭാഗം മുദ്ര ചെയ്യേണ്ട രേഖകൾ</u>:- ഇല്ല

ന്യായാധികാരി

ഗ്രാമ ന്യായാലയ, ഇരിട്ടി, പായം